## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5874

19.11.2019 ൽ മറുപടിക്ക്

### വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് : | | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി അടച്ചുപൂട്ടിയതിനെത്തുടർന്ന് ആത്മഹത്യയുടെ വക്കിലായ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ), (ബി), (സി), (ഡി) (ഇ) & (എഫ്) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻെറ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയാണ് കേരളത്തിൽ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ).പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിൻെറ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിനെ ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടും അനുകൂല തീരുമാനം ഉണ്ടായില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിനെ സ്വകാര്യവത്ക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിൻെറ നടപടികൾ മൂലവും, മറ്റ് വിവിധ കാരണങ്ങളാലും സ്ഥാപനം 2019 ജൂൺ മാസം മുതൽ തുടർച്ചയായി ഉൽപ്പാദനം നിർത്തിവെച്ചിരിക്കുകയാണ്.<br><br>ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാനം ഏറ്റെടുക്കാനുള്ള അവകാശവും ആഗ്രഹവും അറിയിക്കുകയുണ്ടായി. |
| (ബി) | വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറിയുടെയും തൊഴിലാളികളുടെയും രക്ഷയ്ക്ക് എന്തെല്ലാം നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കാമോ; | | |
| (സി) | നിലവിൽ വൈദ്യുതി, വന വിഭവങ്ങളുടെ കുടിശ്ശികയിനത്തിൽ സർക്കാരിന് നൽകാനുള്ള തുകയ്ക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുമോ; | | |
| (ഡി) | പട്ടിണിയിലായ തൊഴിലാളികൾക്ക് സൗജന്യ റേഷനും പകരം തൊഴിലും നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; അടിയന്തിര സഹായധനം പ്രഖ്യാപിക്കുമോ; | | |
| (ഇ) | സംസ്ഥാന സർക്കാർ കമ്പനി ഏറ്റെടുക്കണം എന്ന ആവശ്യത്തിന് കേന്ദ്ര ഗവൺമെൻറിൽ നിന്നുള്ള പ്രതികരണം വ്യക്തമാക്കാമോ; | | |
| (എഫ്) | കമ്പനി സ്വകാര്യ വൽക്കരണം എന്ന കേന്ദ്ര സർക്കാർ നിലപാടിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന പുരോഗതി അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ, എച്ച്.എൻ.എൽ-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നല്കിയിട്ടുണ്ട്. 25 കോടി രൂപയ്ക്ക് സ്ഥാപനം ഏറ്റെടുക്കണമെന്ന സംസ്ഥാന സർക്കാരിന്റെ സന്നദ്ധത കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**